
താരാപഥം – Exam Score Entry

താരാപഥം പദ്ധതിയുടെ ഭാഗമായി സംസ്ഥാന തലത്തിൽ നടത്തുന്ന ടെർമിനൽ പരീക്ഷകളുടെയും, സ്കൂൾ തലത്തിൽ നടത്തുന്ന പരീക്ഷകളുടെയും ക്ലാസ് ടെസ്റ്റുകളുടെയും സ്കോറുകൾ രേഖപ്പെടുത്താനുള്ള സംവിധാനം മുകളം പോർട്ടലിൽ സജ്ജീകരിച്ചിട്ടുണ്ട്. Exam Score Entry എന്ന ഈ സംവിധാനത്തിൽ സ്കോറുകളും ഗ്രേഡുകളും രേഖപ്പെടുത്തുന്നതിനും പരീക്ഷകളുടെ സ്കോറുകൾ വിശകലനം ചെയ്ത് പഠന പുരോഗതി നിരന്തരമായി വിലയിരുത്തുന്നതിനും സൗകര്യമുണ്ട്.

പ്രിൻസിപ്പൽ/നോഡൽ ടീച്ചർ ലോഗിനിലും ടീച്ചർ ലോഗിനിലും Exam Score Entry സംവിധാനം പ്രവർത്തിക്കുന്നത് ഒരു പോലെയാണെങ്കിലും ടീച്ചർ ലോഗിനിൽ ചെയ്യുന്ന പ്രവർത്തനങ്ങൾ ആ ടീച്ചർക്ക് അസൈൻ ചെയ്ത കുട്ടികളുടെ മാത്രമായിയിരിക്കും. എന്നാൽ പ്രിൻസിപ്പൽ/നോഡൽ ടീച്ചർ ലോഗിൻ അഡ്മിനിസ്ട്രേറ്റിവ് തലത്തിലുള്ളതായതു കൊണ്ട്, ടീച്ചർ ലോഗിനിൽ ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളും പ്രിൻസിപ്പൽ/നോഡൽ ടീച്ചർ ലോഗിനിൽ കാണാനും നിയന്ത്രിക്കാനും കഴിയും. പരീക്ഷയും സ്കോർ എൻട്രിയുമായി ബന്ധപ്പെട്ട് സ്കൂളിൽ പൊതുവായി എല്ലാ അധ്യാപകർക്കും ബാധകമായ സംവിധാനങ്ങൾ തയ്യാറാക്കേണ്ടത് പ്രിൻസിപ്പൽ/നോഡൽ ടീച്ചർ ലോഗിനിൽ നിന്നാണ്

മുകളം പോർട്ടലിൽ ടീച്ചർ ലോഗിൻ ചെയ്ത് Exam & Score entry എന്ന ഓപ്ഷനിൽ MANAGE EXAMS ക്ലിക്ക് ചെയ്ത് Exam Score Entry സെക്ഷനിലെത്താം. സമഗ്ര പ്ലസ് ക്ലാസ് റൂമിൽ നിന്നും Exam Score entry ബട്ടൺ ക്ലിക്ക് ചെയ്ത് ഈ ജാലകത്തിൽ എത്താവുന്നതാണ്.




തുറന്ന് വരുന്ന ജാലകത്തിൽ Exams tab ൽ, ഇത് വരെ സ്കൂളിൽ നടത്തിയ എല്ലാ പരീക്ഷകളും കാണാവുന്നതാണ്.


സ്കോറുകൾ ചേർക്കുന്ന വിധം

പരീക്ഷകളുടെ മാർക്കുകൾ രേഖപ്പെടുത്തുന്നതിനായി score entry നടത്താനുദ്ദേശിക്കുന്ന പരീക്ഷ തെരഞ്ഞെടുക്കുക.


(Score Entry Open എന്ന സ്റ്റാറ്റസിലുള്ള പരീക്ഷകളിൽ മാത്രമാണ് score entry നടത്താൻ കഴിയുക.)




ഹയർ സെക്കന്ററി ഫസ്റ്റ് ടേം പരീക്ഷ ഇപ്പോൾ Score Entry Open എന്ന സ്റ്റാറ്റസിലാണുള്ളത്. ഈ പരീക്ഷയിൽ ക്ലിക്ക് ചെയ്താൽ Score Entry നടത്താനുള്ള പേജിലെത്താം. ക്ലാസിലെ മുഴുവൻ വിദ്യാർത്ഥികളുടെയും പേരുകൾക്ക് നേരെ സ്കോർ നൽകാനുള്ള കോളങ്ങൾ കാണാവുന്നതാണ്. ഇവിടെ സ്കോറുകൾ ചേർക്കാം.




രണ്ട് തരത്തിലുള്ള പരീക്ഷകൾ ഇവിടെ കാണാം. Light Orange നിറത്തിലുള്ള ബോക്സിൽ കൊടുത്ത പരീക്ഷകൾ ഹയർ സെക്കന്ററി വകുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നവയാണ്. വെള്ള നിറത്തിലുള്ള ബോക്സിൽ കാണുന്നവ സ്കൂൾ തലത്തിലുള്ള പരീക്ഷകളാണ്.



സ്കോറുകൾ ചേർത്ത് save scores ബട്ടൺ ക്ലിക്ക് ചെയ്താൽ ഗ്രേഡുകൾ കൂടി പ്രദർശിപ്പിക്കപ്പെടും. ഓരോ വിദ്യാർത്ഥിയുടെയും പേരിന് നേരെ കാണുന്ന സ്റ്റാറ്റസ് (Present, Absent, Not Applicable) ആവശ്യമായ രീതിയിൽ മാറ്റാവുന്നതാണ്.



ഒരു ഡിവിഷനിലെ മുഴുവൻ വിദ്യാർത്ഥികളുടെയും Scores Entry നടത്തി കഴിഞ്ഞാൽ Mark Division Completed എന്ന Checkbox ൽ ക്ലിക്ക് ചെയ്യാം. ഇങ്ങനെ ചെയ്യുന്നത് വഴി Exam ന്റെ പേര് പ്രദർശിപ്പിക്കുന്നിടത്ത് Division Completed എന്ന് Tick mark നൊപ്പം കാണിക്കും.




Exam Score Entry സംവിധാനം – വിശദമായി

ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി വിഭഗങ്ങൾ സംസ്ഥാന തലത്തിൽ നടത്തുന്ന Terminal പരീക്ഷകൾ സ്വയമേവ Exam Score Entry യിൽ പ്രദർശിപ്പിക്കപ്പടും. സ്കൂൾ തലത്തിൽ നടത്തുന്ന Series Test കളും അധ്യാപകർ സ്വന്തമായി നടത്തുന്ന Class Test / Unit Test കളും സ്കൂൾ തലത്തിൽ തന്നെ മാനേജ് ചെയ്യേണ്ടതായുണ്ട്. ഇതിനായുള്ള സംവിധാനങ്ങളും Exam Score Entry സംവിധാനത്തിൽ സജ്ജീകരിച്ചിട്ടുണ്ട്.


1) Assessment Series

വിവിധ Assessment Series (First term exam, Class Test, Unit Test etc.) കളിലായി പരീക്ഷകളെ ക്രമീകരിക്കുന്നതിനായി ഈ സംവിധാനം ഉപയോഗിക്കാം.


Exam Score Entry പേജിലെ Assessment Series ടാബിൽ ക്ലിക്ക് ചെയ്ത് താഴെ കാണിച്ച പേജിലെത്താം. മുമ്പ് തയ്യാറാക്കിയ Assessment Series (ഉണ്ടെങ്കിൽ) ഇവിടെ കാണാം.



വലതു വശത്ത് മുകളിലായി കാണുന്ന New Assessment Series ബട്ടൺ ക്ലിക്ക് ചെയ്ത് പുതിയ ഒരു Assessment Series നിർമിക്കാനുള്ള ജാലകം തുറക്കാം.



Assessment Series ന് ഉചിതമായ പേര് നൽകി Create Assessment series എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത് പുതിയ Assessment Series നിർമിക്കാം.




Assessment Series ന് നേരെയുള്ള Edit Button (Pencil icon) ക്ലിക്ക് ചെയ്ത് മുമ്പ് തയ്യാറാക്കിയ ഒരു Assessment Series ന്റെ വിവരങ്ങൾ Edit ചെയ്യാം.

2) Grading template


വിവിധ വിഷയങ്ങളുടെ പരമാവധി മാർക്കുകൾക്ക് അനുസൃതമായി വിദ്യാർത്ഥികൾക്ക് ഗ്രേഡുകൾ നൽകുന്നതിനായി മുൻകൂട്ടി മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനുള്ള സംവിധാനമാണ് ഗ്രേഡിംഗ് ടെംപ്ലേറ്റ് ടാബിൽ സജ്ജീകരിച്ചിരിക്കുന്നത്.

പ്രിൻസിപ്പൽ / നോഡൽ ഓഫീസർ ലോഗിനിൽ തയ്യാറാക്കുന്ന Grading Template സ്കൂളിലെ എല്ലാ അധ്യാപകർക്കും ലഭ്യമാണ്. അതേ സമയം സബ്ജക്ട് ടീച്ചർ ലോഗിനിൽ തയ്യാറാക്കുന്ന Grading Template ആ ടീച്ചർക്ക് മാത്രമേ ലഭ്യമാവൂ.




Exam Score Entry പേജിലെ Grading Template ടാബിൽ ക്ലിക്ക് ചെയ്ത് Grading Template കൾ മാനേജ് ചെയ്യാം.

പൊതുവായി നടത്തുന്ന വിവിധ പരീക്ഷകളുടെ Maximum Score കൾ അടിസ്ഥാനപ്പെടുത്തി 3 Grading Templates ഈ tab ൽ default ആയി ലഭ്യമാണ്. View ബട്ടണിൽ ക്ലിക്ക് ചെയ്ത് ഓരോ template ന്റെയും Grade distribution കാണാവുന്നതാണ്. ഇവ edit ചെയ്യാൻ കഴിയില്ല.




സ്കൂളിൽ നടത്തുന്ന വിവിധ പരീക്ഷകളുടെ Maximum Score കൾക്ക് അനുയോജ്യമായ Grading Templates തയ്യാറാക്കാനുള്ള സംവിധാനം പരിചയപ്പെടാം.




Maximum mark 40 നൽകി തയ്യാറാക്കുന്ന ഒരു പരീക്ഷയുടെ Grading Templates ആണ് നിർമിക്കേണ്ടത് എന്നിരിക്കട്ടെ. ഇതിനായി New Grading Templates എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.


തുറന്ന് വരുന്ന ജാലകത്തിൽ Name എന്നിടത്ത് Grading Templates ന് അനുയോജ്യമായ പേര് നൽകുക.



MAX SCORE എന്നതിന് താഴെ പുതിയതായി നിർമിക്കുന്ന Grading Template ന്റെ Maximum Score നൽകുക. (ഇവിടെ 40 Score ലാണ് പരീക്ഷ നടത്തുന്നത് എന്നത് കൊണ്ട് 40 എന്ന് നൽകുക.) PASS SCORE എന്നതിന് താഴെ ഈ score സംവിധാനത്തിൽ പരീക്ഷ വിജയിക്കാനാവശ്യമായ SCORE (MINIMUM PASS MARK) നൽകുക.



Create Template ബട്ടണിൽ ക്ലിക്ക് ചെയ്ത് ഈ Grading template സേവ് ചെയ്യാം. Add Grade എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് പുതിയ ഗ്രേഡുകൾ ചേർക്കാനുള്ള സൗകര്യവുമുണ്ട്. ഓരോ ഗ്രേഡിന്റെയും നേരെയുള്ള Delete Icon ക്ലിക്ക് ചെയ്ത് ആവശ്യമില്ലാത്ത ഗ്രേഡുകൾ ഒഴിവാക്കാനും കഴിയും. പുതിയതായി നിർമിച്ച Grading template ലിസ്റ്റിൽ ഏറ്റവും മുകളിലായി കാണാം.



ഇങ്ങനെ തയ്യാറാക്കുന്ന ഗ്രേഡിംഗ് ടെംപ്ലേറ്റുകൾ, പിന്നീട് പുതിയ പരീക്ഷകൾ നിർമ്മിക്കുന്ന വേളയിൽ വിദ്യാർത്ഥികളുടെ ഗ്രേഡ് കൃത്യമായി കണക്കാക്കുന്നതിനായി ടെംപ്ലേറ്റ് ലിസ്റ്റിൽ ലഭ്യമായിരിക്കുന്നതാണ്.


3) Exams & Score entry

Assessment Series ന്റ ഭാഗമായോ അല്ലാതെയേ പരീക്ഷകൾ തയ്യാറാക്കുന്നതിനുള്ള സംവിധാനങ്ങളാണ് Exam എന്ന Tab ൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

പ്രിൻസിപ്പൽ / നോഡൽ ഓഫീസർ ലോഗിനിൽ തയ്യാറാക്കുന്ന പരീക്ഷകൾ സ്കൂളിലെ എല്ലാ അധ്യാപകർക്കും ലഭ്യമാണ്. അതേ സമയം സബ്ജക്ട് ടീച്ചർ ലോഗിനിൽ തയ്യാറാക്കുന്ന പരീക്ഷകൾ ആ ടീച്ചർക്ക് മാത്രമായിരിക്കും ലഭ്യമാവുക. പരീക്ഷയുടെയും മാർക്കുകൾ ചേർത്തുകഴിഞ്ഞാൽ എല്ലാ അദ്ധ്യാപകർക്കും പ്രിൻസിപ്പലിനും ലഭ്യമാകും. സ്കോർ publish ചെയ്തു കഴിഞ്ഞാൽ അത് കുട്ടികളുടെ ലോഗിനിലും ലഭ്യമായിരിക്കും.


Exams Tab ൽ പരീക്ഷകൾ തയ്യാറാക്കുന്നത് എങ്ങനെയെന്ന് പരിചയപ്പെടാം.


Exam Score Entry പേജിലെ Exams & Score Entry ടാബിൽ ക്ലിക്ക് ചെയ്ത് പരീക്ഷകൾ മാനേജ് ചെയ്യാനുള്ള പേജിലെത്താം. Exam Tab ൽ ലഭ്യമായ പരീക്ഷകളെല്ലാം tiled ബോക്സുകളായി കാണാവുന്നതാണ്.



Exam Score Entry യുടെ ഭാഗമായി പുതിയ ഒരു പരീക്ഷ നിർമിക്കുന്നതിന് വലതു വശത്ത് മുകളിലായി കാണുന്ന Create Exam ബട്ടണിൽ ക്ലിക്ക് ചെയ്യുക.


തുറന്ന് വരുന്ന ജാലകത്തിൽ പരീക്ഷയെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ നൽകുക.






Exam Template എന്ന pop-down list ൽ നിന്നും നിർമിക്കുന്ന പരീക്ഷയുടെ Maximum Score ന് അനുയോജ്യമായ Grading Template തെരഞ്ഞെടുക്കുക.


CLASS, ACADEMIC YEAR എന്നിവ drop-down list ൽ നിന്നും തെരഞ്ഞടുക്കുക.



ASSESSMENT SERIES എന്നതിന് താഴെയുള്ള drop-down list ൽ നിന്നും സീരിസുകളിലൊന്ന് തെരഞ്ഞടുക്കാം.





SUBJECT, EXAM DATE എന്നിവ കൂടി തെരഞ്ഞെടുത്ത് Create Exam എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ Exam & Score Entry Tab ൽ ഒന്നാമതായി നാം നിർമിച്ച പുതിയ പരീക്ഷ കാണാവുന്നതാണ്. പുതിയതായി നിർമിച്ച ഈ പരീക്ഷയുടെ default സ്റ്റാറ്റസ് 'Draft' എന്നായിരിക്കും. ആയതിനാൽ ഈ പരീക്ഷയിൽ ഇപ്പോൾ സ്കോർ നൽകാൻ കഴിയില്ല.




Draft എന്നതിന് വലതു വശത്തായി കാണുന്ന Edit Button (Pencil Icon) ൽ ക്ലിക്ക് ചെയ്ത് ഈ പരീക്ഷയുടെ status മാറ്റാവുന്നതാണ്.

'Score Entry Open' എന്ന Status ലേക്ക് മാറ്റുന്നതോടെ ഈ പരീക്ഷയിൽ ക്ലിക്ക് ചെയ്ത് സ്കോറുകൾ ചേർക്കാൻ കഴിയും.





ഓരോ വിദ്യാർത്ഥിയുടെയും പേരിന് നേരെയുള്ള കോളത്തിൽ സ്കോറുകൾ ചേർക്കാം. സ്കോറുകൾ നൽകി Save Score ക്ലിക്ക് ചെയ്ത് സ്കോറുകൾ save ചെയ്യാം. save ചെയ്യുമ്പോൾ തന്നെ grades കൂടി കാണാവുന്നതാണ്. (പരീക്ഷ എഴുതാത്ത വിദ്യാർത്ഥികളുടെ സ്റ്റാറ്റസ് Absent ആക്കി മാറ്റി save ചെയ്യാവുന്നതാണ്.)



ഡിവിഷനിലെ മുഴുവൻ വിദ്യാർത്ഥികളുടെയും Scores Entry നടത്തി കഴിഞ്ഞാൽ Mark Division Completed എന്ന Checkbox ൽ ക്ലിക്ക് ചെയ്യാം. ഇങ്ങനെ മാർക്ക് ചെയ്യുന്നത് വഴി Exam ന്റെ പേര് കാണിക്കുന്ന ഭാഗത്ത് Division Completed എന്ന് കൂടി Tick mark നൊപ്പം പ്രദർശിപ്പിക്കും. ഒരു പരീക്ഷയുടെ Score Entry കഴിഞ്ഞാൽ പരീക്ഷയുടെ സ്റ്റാറ്റസ് 'Score Entry Closed' എന്നാക്കി മാറ്റാവുന്നതാണ്.




സ്കോറുകൾ കൃത്യമാണോ എന്ന് പരിശോധിച്ചതിനു ശേഷം പരീക്ഷയുടെ സ്റ്റാറ്റസ് 'Published' എന്നാക്കി മാറ്റണം. Published എന്ന സ്റ്റാറ്റസിലുള്ള പരീക്ഷയുടെ സ്കോറുകൾ മാത്രമാണ് വിദ്യാർത്ഥികളുടെ ലോഗിനിൽ ലഭ്യമാകുന്നത്.


4) Student Results

വിവിധ പരീക്ഷകളിൽ ഒരു ക്ലാസിലെ വിദ്യാർത്ഥികൾ നേടിയ സ്കോറുകൾ കാണുന്നതിനുള്ള സംവിധാനമാണ് **Student Results** എന്ന ടാബിലുള്ളത്. ഒരു Assessment series ന്റെ ഭാഗമായി നടത്തിയ എല്ലാ പരീക്ഷകളുടെയും സ്കോറുകൾ ഒന്നിച്ച് കാണാൻ കഴിയും എന്നതാണ് Assessment series ന്റെ ഗുണപരമായ സവിശേഷത.

Exam Score Entry ജാലകത്തിലെ Student Result എന്ന tab ൽ ക്ലിക്ക് ചെയ്താൽ ഒരു ക്ലാസിലെ മുഴുവൻ വിദ്യാർത്ഥികളുടെയും Score കാണിക്കുന്ന പേജിലെത്താം.




Division, Assessment Series എന്നിവ pop-down list ൽ നിന്നും തെരഞ്ഞെടുക്കുക.




(SERIES TEST SEPTEMBER എന്ന ഒരു അസസ്മെന്റ് സീരീസ് തെരഞ്ഞെടുത്തത് കൊണ്ടാണ് ആ സീരീസിന്റെ ഭാഗമായി നടത്തിയ 3 പരീക്ഷകളുടെയും സ്കോറുകൾ ഒന്നിച്ച് കാണാൻ കഴിഞ്ഞത്.) Score, Grade എന്നീ Toggle ബട്ടണുകൾ ക്ലിക്ക് ചെയത് Score മാത്രമായും, Grade മാത്രമായും, Score+Grade ഒന്നിച്ചും കാണാവുന്നതാണ്. A4 / A3 പേപ്പർ സൈസുകളിൽ Export PDF ബട്ടൺ ക്ലിക്ക് ചെയ്ത് സ്കോർഷീറ്റ് പ്രിന്റെടുക്കാവുന്നതാണ്.

5) Individual Results


ക്ലാസിലെ ഓരോ വിദ്യാർത്ഥിയുടെയും വ്യക്തിഗത പഠന പുരോഗതി കാണുന്നതിനും വിശകലനം ചെയ്യുന്നതിനുമുള്ള സംവിധാനങ്ങളാണ് Individual Results ടാബിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. Individual Results ൽ ക്ലിക്ക് ചെയ്ത് Select Division എന്നതിൽ ക്ലിക്ക് ചെയ്ത് Division തെരഞ്ഞെടുക്കുക.




ആ ഡിവിഷനിലെ മുഴുവൻ വിദ്യാർത്ഥികളുടെയും പേരുകൾ Student List ന് താഴെ കാണാം. ഈ ലിസ്റ്റിൽ നിന്നും ഒരു വിദ്യാർത്ഥിയുടെ പേരിൽ ക്ലിക്ക് ചെയ്താൽ ആ വിദ്യാർത്ഥി ഇത് വരെ ചെയ്ത മുഴുവൻ പരീക്ഷകളുടെയും സ്കോറുകളും ഗ്രേഡുകളും കാണാവുന്നതാണ്.



നീല നിറത്തിൽ കാണിക്കുന്ന Subject ന്റെ പേരിൽ ക്ലിക്ക് ചെയ്താൽ ആ വിഷയത്തിന്റെ മാത്രം സ്കോറുകളും ഗ്രേഡുകളും അടിസ്ഥാനത്തിലുള്ള കുട്ടിയുടെ പ്രകടനം കാണാൻ കഴിയും.



രേഖപ്പെടുത്തിയ സ്കോറുകളുടെ അടുസ്ഥാനത്തിൽ ഈ വിഷയത്തിലെ വിവിധ പരീക്ഷകളിലെ പ്രകടനം ഇവിടെ കാണാവുന്നതാണ്.



വിദ്യാർത്ഥിയുടെ പുരോഗതി കാണിക്കുന്ന ചാർട്ട് Performance Journey എന്ന തലക്കെട്ടിൽ ലഭ്യമാണ്.